ഭരണ ഭാഷ - മാതൃഭാഷ

**കേരള സർക്കാർ**
**ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ്**

നം: 1836/ഇ.എ2/2016/ഇലക്ഷൻ

നിയമസഭാ കോംപ്ലക്സ്,
തിരുവനന്തപുരം-33. തീയതി : 05.05.2016

ചീഫ് ഇലക്ടറൽ ഓഫീസർ &
പ്രിൻസിപ്പൽ സെക്രട്ടറി.

1) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ,
   തിരുവനന്തപുരം.
2) പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഡി.പി.ഐ),
   തിരുവനന്തപുരം.
3) ഡയറക്ടർ,
   ഹയർ സെക്കൻണ്ടറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
4) ഡയറക്ടർ,
   വൊക്കേഷണൽ ഹയർ സെക്കന്റണ്ടറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.

സർ,

വിഷയം :- ഇലക്ഷൻ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് ആർട്സ് & ഡയൻസ് കോളേജ് അദ്ധ്യാപകർക്ക് ഇലക്ഷൻ ഡ്യൂട്ടിയുമായി ബന്ധപ്പെട്ട് ആർജ്ജിത അവധി (ഏൺഡ് ലീവ്) അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:- കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 29.03.2016-ലെ ഡി-1/34660/2015/കോ.വി.വ. നമ്പർ കത്ത്.

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സൂചന കത്ത് പ്രകാരം മദ്ധ്യവേനൽ അവധിക്കാലത്ത് തെരഞ്ഞെടുപ്പ് ജോലിക്ക് നിയോഗിക്കപ്പെടുന്ന അദ്ധ്യാപകർക്കും, അദ്ധ്യാപകേതര ജീവനക്കാർക്കും പ്രസ്തുത ദിവസങ്ങളിൽ ആർജ്ജിത അവധി അനുവദിക്കാവുന്നതാണോ എന്ന് അറിയിക്കുവാൻ അഭ്യർത്ഥിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, കെ.എസ്.ആർ ഭാഗം 1, ചട്ടം 81-ന്റെ അടിസ്ഥാനത്തിൽ, വെക്കേഷൻ കാലയളവിൽ തെരഞ്ഞെടുപ്പ് ജോലി നിർവ്വഹിക്കുന്ന വെക്കേഷൻ സ്റ്റാഫിന് ആർജ്ജിതാവധി അനുവദനീയമാണെന്നും, വെക്കേഷൻ സ്റ്റാഫ് അല്ലാത്ത അദ്ധ്യാപകേതര ജീവനക്കാർക്ക് ടി ചട്ട പ്രകാരം ആർജ്ജിതാവധിയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**ഡോ. എം. ബീന,**
സെക്രട്ടറി &
അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ.
ചീഫ് ഇലക്ടറൽ ഓഫീസർ & പ്രിൻസിപ്പൽ സെക്രട്ടറിക്ക് വേണ്ടി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-
1) ഉന്നത വിദ്യാഭ്യാസ വകുപ്പ്.
2) പൊതു വിദ്യാഭ്യാസ വകുപ്പ്.
3) ഇലക്ഷൻ (ജനറൽ) വകുപ്പ്.
4) സ്റ്റോക്ക് ഫയൽ.